"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കില-മാനവ ശേഷി വികസന കേന്ദ്രം (കില-സി.എച്ച്.ആർ.ഡി.), കൊട്ടാരക്കര - 2019-20 സാമ്പത്തിക വർഷത്തിലെ കേന്ദ്ര ആവർത്തന ഗ്രാന്റിന്റെ ആദ്യ ഗഡുവിനു തുല്യമായ 73.74 ലക്ഷം രൂപയുടെ സംസ്ഥാന വിഹിതം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.ബി.) വകുപ്പ്**

സ.ഉ.(സാധാ) നം.1134/2020/ത.സ്വ.ഭ.വ     തീയതി,തിരുവനന്തപുരം, 14/06/2020

---

പരാമർശം:- 1. കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിലെ പരിശീലന വിഭാഗത്തിന്റെ 19/06/2019-ലെ നമ്പർ ജെ-12023/01/2018-Trg ഉത്തരവ്

2. കില ഡയറക്ടർ ജനറലിന്റെ 17.02.2020-ലെ 2019/101/2736 നമ്പർ കത്ത്.

3. പഞ്ചായത്ത് ഡയറക്ടറുടെ 31.03.20-ലെ PAN/2470/2019-J5(DP) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കില-മാനവ ശേഷി വികസന കേന്ദ്രത്തിന്റെ (കില-സി.എച്ച്.ആർ.ഡി.) ആവർത്തന ചെലവുകൾ നിർവ്വഹിക്കുന്നത് കേന്ദ്ര സംസ്ഥാന സർക്കാരുകൾ 50:50 എന്ന അനുപാതത്തിൽ നൽകുന്ന ആവർത്തന ഗ്രാന്റ് ഉപയോഗിച്ചാണ്. സൂചന (1) പ്രകാരം 2019-20 സാമ്പത്തിക വർഷത്തിലെ ആവർത്തന ഗ്രാന്റിന്റെ ആദ്യ ഗഡുവായി 73.74 ലക്ഷം രൂപ കേന്ദ്ര ഗ്രാമവികസന മന്ത്രാലയം കിലയ്ക്ക് ലഭ്യമായിക്കിട്ടുണ്ട്. 'കില-മാനവ ശേഷി വികസന കേന്ദ്രം (കില-സി.എച്ച്.ആർ.ഡി.) (50% CSS)' എന്ന പദ്ധതിക്കായി 2019-20 സാമ്പത്തിക വർഷത്തിൽ 2515-00-102-32 (പ്ലാൻ) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും കേന്ദ്ര ഗ്രാന്റിന് തുല്യമായ ആദ്യ ഗഡുവായി 73.74 ലക്ഷം രൂപ അനുവദിക്കുന്നതിനായി പരാമർശം (2) പ്രകാരം കില ഡയറക്ടർ ജനറൽ സമർപ്പിച്ച പ്രൊപ്പോസൽ പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ തുടർ നടപടികൾക്കായി സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കില-മാനവ ശേഷി വികസന കേന്ദ്രം (കില-സി.എച്ച്.ആർ.ഡി.) (50% CSS) എന്ന പദ്ധതിക്കായി നടപ്പ് സാമ്പത്തിക വർഷത്തിൽ വകയിരുത്തിയ തുകയിൽ നിന്നും, 2019-20 സാമ്പത്തിക വർഷത്തിലെ കേന്ദ്ര ഗ്രാന്റിന്റെ ആദ്യ ഗഡുവിന് തുല്യമായ 73.74 ലക്ഷം രൂപ, 2515-00-102-32 (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രസ്തുത തുക വിതരണം ചെയ്യുന്നതിനായി ഡി.ഡി.ഒ. ആയ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മിനി മോൾ ഡി**
**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ. തിരുവനന്തപുരം
ഡയറക്ടർ ജനറൽ, കില, തൃശ്ശൂർ.
റീജിയണൽ ഡയറക്ടർ , കില-സി.എച്ച്.ആർ.ഡി., കൊട്ടാരക്കര

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ&ആർഎസ്എ. / ജി&എസ്എസ്എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
ധനകാര്യ (ഡെവലപ്മെന്റ്) വകുപ്പ് - (File No: DEV-2/82/2020-FIN
Computer No: 1493280 പ്രകാരം)
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.